പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 117 — 11.06.2019-ൽ മറുപടിക്ക്

# തണ്ണീർത്തടങ്ങളും വയലുകളും സംരക്ഷിക്കുന്നതിന് നടപടി

ശ്രീ. സി. ദി. ദിവാകരൻ
ശ്രീ. എം. സ്വരാജ്
ശ്രീ. യു. ആർ. പ്രദീപ്
ശ്രീ. പി. ഉണ്ണി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
( ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം മറികടന്നുകൊണ്ട് ആലുവ ചൂർണിക്കരയിൽ നിലം നികത്താൻ മുൻമന്ത്രിസഭയിലെ ഒരു മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫംഗം ചില രാഷ്ട്രീയ നേതാക്കൾക്കായി കൃത്രിമരേഖ ചമച്ചു വെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടന്ന നിലം നികത്തലുകളെക്കുറിച്ച് റവന്യൂ വകുപ്പ് പരിശോധന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ യെന്നറിയിക്കുമോ; | (എ) എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജ് ബ്ലോക്ക് നമ്പർ 34 സർവ്വെ നമ്പർ 7/3-2, 7/3-3, 7/3-4, 7/3-5, 7/3-6 എന്നിവയിൽപ്പെട്ട 0.29.21 ഹെക്ടർ വരുന്ന നിലം നികത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ ചാർജ്ജ് വഹിക്കുന്ന ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടേയും, ഫോർട്ട് കൊച്ചി സബ്കളക്ടറുടേയും വ്യാജ ഉത്തരവുകൾ ചമച്ചതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടറേറ്റുകൾ, ആർ.ഡി. ഓഫീസുകൾ എന്നിവിടങ്ങളിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ പരിശോധനാ വിഭാഗം മുഖേന പ്രാഥമിക പരിശോധന നടത്തിയിരുന്നു. |
| (ബി) കാലാവസ്ഥാവ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ തണ്ണീർത്തടങ്ങളും വയലുകളും സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും ആയവ അനിയന്ത്രിതമായി പരിവർത്തനപ്പെടുത്തുന്നത് ഫലപ്രദമായി നിയന്ത്രിക്കുന്നതിനും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. അനധികൃതമായി പരിവർത്തനം വരുത്തിയിട്ടുള്ളവ കണ്ടെത്തി പൂർവ്വ സ്ഥിതിയിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തണ്ണീർത്തടങ്ങളുടെയും നെൽവയലുകളുടെയും |

| | | |
|---|---|---|
| | | സംരക്ഷണത്തിനായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 12-ൽ അനുശാസിക്കും വിധമുള്ള നടപടികളും വകുപ്പ് 13 പ്രകാരം അനധികൃതമായി തരം മാറ്റിയ ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടിയും വകുപ്പ് 20 പ്രകാരം വാഹന സാമഗ്രികൾ പിടിച്ചെടുത്ത് കണ്ടു കെട്ടുന്ന നടപടിയും വകുപ്പ് 23 പ്രകാരം പ്രോസിക്യൂഷൻ നടപടിയും സ്വീകരിച്ചു വരുന്നു. കൂടാതെ തരിശായി കിടക്കുന്ന എല്ലാ നെൽവയലുകളും കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപടികൾ സ്വീകരിക്കുകയും മറ്റ് കൃഷികൾ ചെയ്തു വരുന്ന നെൽവയലുകളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിനു പുറമെ നെൽ വയലുകളും തണ്ണീർത്തടങ്ങളും രൂപാന്തര പ്പെടുത്തുന്നത് തടയുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിലേയ്ക്കായി താലൂക്ക് തലത്തിൽ ഭൂരേഖാ തഹസീൽ ദാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. |
| (സി) | ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത് പൂർത്തിയായോ; സമഗ്രവിവരങ്ങൾ ഉൾ പ്പെടുത്തി ഭൂരേഖ ഡിജിറ്റൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത് നിലവിലുള്ള നെൽവയലുകളുടെയും തണ്ണീർ ത്തടങ്ങളുടെയും ഡാറ്റാബാങ്കുകൾ തയ്യാറാക്കു ന്നതിനും നടപടികൾ ഊർജ്ജിതമായി നടത്തി വരുന്നു. 1076 കൃഷിഭവൻ പ്രദേശ ങ്ങളിൽ 3 ജില്ലകളിലായി 29 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ തണ്ണീർത്തടം ഇല്ലാത്തതാണ്. ശേഷിക്കുന്ന 1047 കൃഷിഭവൻ പ്രദേശങ്ങളിൽ 817 എണ്ണത്തിന്റെ ഡാറ്റാബാങ്ക് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി യിരുന്നു. കൂടാതെ 36 എണ്ണത്തിന്റെ ഡാറ്റാബാങ്ക് പുതിയതായി തയ്യാറാക്കി |

യിട്ടുണ്ട്. അതിൽ 19 എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിനായി കൈമാറിയിട്ടുണ്ട്. 10 പ്രദേശങ്ങളുടെ ഡാറ്റാബാങ്ക് ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുമുണ്ട്.

സംസ്ഥാനത്തെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന നടപടികൾ നടന്നു വരുന്നു. ആകെയുള്ള 1664 വില്ലേജുകളിൽ 1646 വില്ലേജുകളിലെ ബി.റ്റി.ആർ ഡിജിറ്റൈസേഷൻ, 1354 വില്ലേജുകളിലെ തണ്ടപ്പേർ ഡിജിറ്റൈസേഷൻ എന്നിവ പൂർത്തീകരിച്ചു. ബാക്കിയുള്ള വില്ലേജുകളിലെ ഡിജിറ്റൈസേഷൻ നടപടി പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**